ഭൂമി നഷ്ടപ്പെട്ട ജൻമിമാർ

* 289 [429] ശ്രീ. പി. സീതിഹാജി:
,, പി. വി. മുഹമ്മദ്:
,, കെ. പി. എ. മജീദ്:
,, രാഘവൻ പൊഴക്കടവിൽ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയപ്പോൾ എത്ര ജൻമിമാർക്ക് അവരുടെ ഭൂമി നഷ്ടപ്പെട്ടു;

(ബി) അവരിൽ എത്രപേർ ഭൂരഹിതരായി;

(സി) ഈ ജൻമിമാരെ സഹായിക്കാൻ ഗവൺമെൻറിന് എന്തെങ്കിലും പദ്ധതി ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഭൂമി നഷ്ടപ്പെട്ട ജൻമിമാർക്കുവേണ്ടി 1986–87 ബഡ്ജറിൽ വിഭാവന ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ;

(എഫ്) ഇതിനായി എന്തു തുക ബഡ്ജറിൽ വക കൊള്ളിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 7–7–1981–ലെ 780/81/ആർ.ഡി. നമ്പർ ഉത്തരവു പ്രകാരം, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം ഉപജീവന മാർഗ്ഗം ഇല്ലാതായ മുൻജൻമിമാർ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളിൽ, ഖാദി ബോർഡിൻെറ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും അപ്രകാരമുള്ള സ്ഥാപനങ്ങളിൽ മുൻജൻമിമാർക്കു ജോലി നൽകുന്നതിനും വ്യവസ്ഥയുണ്ട്. കൂടാതെ കറവമാടുകളെ വാങ്ങുന്നതിനും കാലിത്തൊഴുത്തു നിർമ്മിക്കുന്നതിനുമായി 10,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയുമുണ്ട്. ഈ വായ്പ മൂന്നു മാസത്തിനുശേഷം മാസത്തവണകളായി തിരിച്ചുപിടിക്കുന്നതാണ്. ഇതിനും പുറമേ ഫ്ളവർമിൽ, ബേക്കറി, റൈസ്മിൽ എന്നിവ ആരംഭിക്കുന്നതിനും തയ്യൽമെഷീൻ, ആട്ടോറിക്ഷ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകുന്ന പദ്ധതിയുമുണ്ട്. ഈ പദ്ധതികളും ആദ്യം പാലക്കാട് ജില്ലയിൽ മാത്രമാണ് നടപ്പാക്കിയിരുന്നത്. ഇപ്പോൾ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ധനസഹായത്തിൽ മൂന്നിലൊരു ഭാഗം ലോൺ ആയും മൂന്നിൽരണ്ടു ഭാഗം വായ്പയുമാണ്. വായ്പ തുകയ്ക്ക് ആറു ശതമാനം വാർഷിക പലിശ ഈടാക്കുന്നതാണ്.

(ഇ) ഈ ആനുകൂല്യങ്ങൾ നടപ്പാക്കുന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(എഫ്) 50 ലക്ഷം രൂപ ബഡ്ജറിൽ വക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: ജൻമിമാർ 85—ഉം 90—ഉം വയസ്സുള്ള ആളുകളാണ്. അവർക്ക് ആട്ടോറിക്ഷ കൊടുക്കാനും പശുവിനെ കൊടുക്കാനുമൊക്കെയാണ് ഗവൺമെൻറ് വിചാരിക്കുന്നത്. ഇതിനുമുമ്പ് അവർക്ക് പെൻഷൻ കൊടുക്കാമെന്നു പറഞ്ഞു. ഇപ്പോഴത്തെ പദ്ധതി വല്ലതും ഉണ്ടോ എന്നറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോഴത്തെ എടുത്തിരിക്കുന്ന ഒരു തീരുമാനം അരയേക്കറിൽ താഴെ ഭൂമിയുള്ള, മൂവായിരം രൂപയിൽ താഴെ വരുമാനമുള്ള 60 വയസ് കഴിഞ്ഞ ആളുകൾക്ക് പ്രതിമാസം 75 രൂപ വച്ച് പെൻഷൻ കൊടുക്കുക എന്നുള്ളതാണ്.

ശ്രീ. പി. സീതിഹാജി: ഭൂപരിഷ്കരണത്തിന്റെയും വന ദേശസാൽക്കരണത്തിന്റെയുമെല്ലാം ഫലമായി ചിലർക്ക് ഒരു വനം മാത്രമേ ഉള്ളൂ; ചിലർക്ക് കുറേ വയലുകളാണുള്ളത്. വയലുകൾ ഭൂപരിഷ്കരണത്തിന്റെ പേരിൽ എടുക്കുമ്പോൾ ഏക്കറിന് 250—300 രൂപ കൊടുത്തിട്ടുണ്ട്. വനത്തിന്റെ പേരിൽ ഒരു നയാപൈസ പോലും കൊടുത്തിട്ടുമില്ല. ഏറെടുത്തിട്ടുമില്ല. അങ്ങനെ ആയിരക്കണക്കിന് ജൻമികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്കുംകൂടി ഈ ആനുകൂല്യം നടപ്പാക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഒരേ നിലയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളുടെ കാര്യം ഇപ്പോഴത്തെ ഭൂപരിഷ്കരണ നിയമത്തിന്റെ പേരിലായാലും അതുപോലെയുള്ള മറ്റു നിയമങ്ങളുടെ പേരിലായാലും തീർച്ചയായിട്ടും ഒരുപോലെ പരിശോധിക്കേണ്ടതാണെന്നാണ് അഭിപ്രായം.

ശ്രീ. കെ. പി. എ. മജീദ്: ഭൂപരിഷ്കരണ നിയമംമൂലം ബുദ്ധിമുട്ടനുഭവിച്ച് ഏറെക്കുറെ പട്ടിണിയിൽ ആയിട്ടുള്ള ജൻമികൾക്ക് വനഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളെങ്കിലും പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: ഭൂമി വളരെ പരിമിതമായതുകൊണ്ട് ഭൂമി കൊടുക്കുക എന്നുള്ളതിനേക്കാൾ അപ്പുറത്ത് അവർക്ക് പെൻഷൻ നൽകുന്നതിനും മറ്റുള്ള ആളുകൾക്ക് സ്വയം തൊഴിൽകണ്ടെത്തുന്നതിനുമുള്ള പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള മറ്റു തീരുമാനം സ്വയം തൊഴിൽ കണ്ടെത്തുവാൻ ആഗ്രഹിക്കുന്നവർക്ക് (ജൻമിയോ ജൻമിയുടെ മക്കളോ ആരെയാകാം). ആൻപതിനായിരം രൂപ വരെ കെ.എഫ്.സി. യിൽ നിന്ന് നാലു ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കുക എന്നതാണ്. കൂടുതൽ വരുന്ന പലിശ ഗവൺമെൻറ് വഹിക്കുക. അതാണ് ഗവൺമെൻറെടുത്തിട്ടുള്ള സുപ്രധാനമായ തീരുമാനം.

ശ്രീ. കെ. പി. എ. മജീദ്: ഈ ആനുകൂല്യങ്ങളും എത്രയാളുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നതിനെ സംബന്ധിച്ച് വല്ല രൂപവും ഗവൺമെൻറിനുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: അതിന് പ്രത്യേകമായ നോട്ടീസ് വേണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പഴയ ജൻമിമാരിൽ പലരും ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിനുശേഷം തീരെ ഭൂമിയില്ലാതെ അമ്പലങ്ങളിലും മറ്റുമായി കഴിഞ്ഞുകൂടുന്നവരാണ്. അത്തരം ആളുകൾക്ക് ഭൂമി നൽകി പുനരധിവാസ പദ്ധതിയും ഏർപ്പെടുത്തിക്കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: ഭൂരഹിതർക്ക് നാലു സെൻറ് ഭൂമി വച്ച് കൊടുക്കുമെന്നു തീരുമാനമെടുത്തിരിക്കുകയാണ്. തീർച്ചയായിട്ടും ഇങ്ങനെയുള്ള ആളുകളെ അതിൽ ഉൾപ്പെടുത്തുന്നതാണ്. അതിന് യാതൊരു വിധമായ തടസ്സവുമില്ല.

ശ്രീ. കെ. സി. ജോസഫ്: ഭൂപരിഷ്കരണ നിയമംമൂലം ഭൂമി നഷ്ടപ്പെട്ട ജൻമിമാരിൽ ഒരു നിശ്ചിത വരുമാനത്തിൻെറ പരിധിയ്ക്ക് താഴെയുള്ള ആളുകൾക്ക് സർക്കാർ സർവ്വീസിലെ ജോലിക്കാര്യത്തിൽ എന്തെങ്കിലും മുൻഗണന നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അത് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്ന ഒരു തീരുമാനമാണ്. ഇതിനെപ്പറ്റി ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി: കാർഷിക പരിഷ്കരണത്തിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ പന്ത്രണ്ടര ശതമാനം ഭൂമി കൊടുക്കണമെന്ന് അതിൽ വ്യവസ്ഥയുണ്ട്. അത് കർശനമായിട്ട് നിങ്ങൾ പാലിച്ചിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: അത് ഒരു വർഷത്തേയോ രണ്ടു വർഷത്തേയോ കാര്യമല്ല. ആകെ ഏറെടുത്തിട്ടുള്ള ഭൂമിയിൽ എൺപത്തിയേഴര ശതമാനം കൊടുക്കണം എന്നുള്ളത് ഈ അടുത്ത കാലത്ത് പരിശോധിച്ചപ്പോഴും അത് ശരിയായി പാലിക്കപ്പെട്ടിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: നിയമപ്രകാരം എടുക്കേണ്ടതാണിത്. ആ നിയമത്തിലെ ഒരു വകുപ്പായതുകൊണ്ടാണ് ഞാൻ ഇതിവിടെ പറഞ്ഞത്. ഭൂമി നഷ്ടപ്പെട്ട ഹരിജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും എൺപത്തിയേഴര ശതമാനവും കാർഷിക പരിഷ്കരണ നിയമപ്രകാരം ഭൂമി നഷ്ടപ്പെട്ട ജൻമികൾക്ക് പന്ത്രണ്ടര ശതമാനവും കൊടുക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥ ഉള്ളതാണ്. അത് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥവുമാണ്. നിങ്ങൾ അതു നടപ്പിലാക്കിയിട്ടുണ്ടോ? അത് നടപ്പിലാക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ മനസ്സിലാക്കുന്നത് എൺപത്തിയേഴര ശതമാനം കഴിഞ്ഞ് ബാക്കിയുള്ളത് പബ്ലിക് പർപ്പസസ്സിന് ഉപയോഗിക്കുന്നു എന്നാണ്. മുൻ ജൻമിമാർക്ക് കൊടുക്കാനുള്ളതായ പ്രത്യേക വ്യവസ്ഥയൊന്നും കാർഷിക പരിഷ്കരണ നിയമത്തിൽ ഉള്ളതായി എൻെറ ഓർമ്മയിലില്ല. അത് വീണ്ടും പരിശോധിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഭൂപരിഷ്കരണ നിയമത്തിനു ശേഷം ഏറ്റവും പുരോഗമനപരം എന്നു പറഞ്ഞുകൊണ്ട് കൊണ്ടുവന്ന ഒരു നിയമമാണ് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ നൽകണമെന്ന നിയമം. പക്ഷേ അത് 1976–ൽ കൊണ്ടുവന്നെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. 1982–ന് ശേഷം കൈമാറിയ ഭൂമികൾ തിരിയെ കൊടുക്കണമെന്ന് ഒരു ഓർഡർ ഇറക്കിയതായി മനസ്സിലാക്കാൻ സാധിച്ചു. അങ്ങനെയാണെങ്കിൽ അത് നടപ്പിലാക്കാൻ ഗവൺമെൻറ് എന്തു സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: അത് പ്രത്യേകം പരിശോധിക്കാം. ഭൂമി നഷ്ടപ്പെട്ട ജൻമിമാർക്ക് ആനുകൂല്യം കൊടുക്കുന്ന ഒരു ചോദ്യമാണ് ഇത്. ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. വി.സി. കബീർ: ഒരുകാലത്ത് അനേകം ഏക്കർ ഭൂമിയുടേയും അനേകം വണ്ടി നെല്ലിൻറേയും ഉടമകളായിരുന്ന ജൻമിമാർ ഇന്ന് റേഷൻ കാർഡുമായി റേഷൻ ഷാപ്പുകളിൽ ക്യൂ നിൽക്കുന്ന ഒരു ദുരവസ്ഥയുണ്ട്. പല ആളുകൾക്കും അത് വാങ്ങിക്കാനുള്ള പൈസ പോലുമില്ലാതെ കഷ്ടപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ഒരു ജില്ലയിൽ നൂറു പേർക്കെങ്കിലും സൗജന്യ റേഷൻ കൊടുക്കുന്നതിന് ഗവൺമെൻറ് തീരുമാനമെടുക്കുമോ? ഇത് വളരെ അനുകമ്പ അർഹിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. പി. ജെ. ജോസഫ്: ഈ പ്രശ്നത്തിൻറെ ഗൗരവം കണക്കിലെടുത്ത് 14-2-1986-ൽ കുറച്ചുകൂടി സമഗ്രമായി ഇത് പരിശോധിക്കുവാൻ റവന്യൂ ബോർഡ് മെമ്പർ ശ്രീ. ഗോപാലകൃഷ്ണൻ നായരെ One man കമ്മീഷനായി നിയമിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ഉടൻതന്നെ കിട്ടുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ പ്രത്യേകമായി ഒരുന്നതനായ ഉദ്യോഗസ്ഥനെ നിയമിക്കാനും ഗവൺമെൻറ് ഇപ്പോൾ ആലോചിച്ചു വരികയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഭൂപരിഷ്കരണ നിയമത്തിൽ ഭൂമിയുടെ പരിധിയും മറ്റു കാര്യങ്ങളും നിർണ്ണയിക്കപ്പെടുമ്പോൾ ഭൂമി നഷ്ടപ്പെട്ട ജൻമിമാരുടെ സെറ്റിൽമെൻറിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ വ്യവസ്ഥ ഉണ്ട്. അതിൽ ഒരു വ്യവസ്ഥയാണ് നേരത്തേ പറഞ്ഞ പന്ത്രണ്ടര ശതമാനം എന്നുള്ളത്. അതിനും പുറമേ അവർക്ക് ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ദൂരീകരിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതൊന്നും പുതിയ കാര്യമല്ല. നിയമപ്രകാരമുള്ള നടപടികളും കാലാകാലങ്ങളിൽ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ എന്നും ഈ ഗവൺമെൻറ് റവന്യൂ നടത്തിയിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. പി. ജെ. ജോസഫ്: ഓരോ ഗവൺമെൻറിൻറെ കാലത്തും ഈ കാര്യത്തിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് പിന്നീട് പറയുന്നതാണ്.

ശ്രീ. ജി. വരദൻ: சார், இடுக்கி ஜில்லாவில் வயநாட்டிலும் அட்டப்பாடியிலும் பூமி நஷ்டப்பட்ட ஆதிவாசி ஜமீந்தார்கள் உள்ளனர். அவர்களுக்கு நஷ்டஈடும் பென்ஷன் கொடுக்க சர்க்கார் தயாரா?

ശ്രീ. പി. ജെ. ജോസഫ്: കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്ന പെൻഷൻ ആദിവാസികൾക്കും കൊടുക്കുന്നതിന് തീരുമാനിക്കുന്നുണ്ട്. ഇതിന് ഈ ചോദ്യവുമായി ബന്ധമില്ല. എങ്കിലും അവരുടെ പ്രശ്നവും ഗവൺമെൻറ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly